# നിയമങ്ങളും ചട്ടങ്ങളും

Mini Bypass Road Behind Passport Office Kozhikode – 673006, Ph: 0495 356 1257, +91 94475 87098, email: contact@sarovarampg.com

Updated: March 2023

## പ്രവേശനം

**1.** പ്രവേശനം ആഗ്രഹിക്കുന്നവർ നിശ്ചിതഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. ഫോറം ഹോസ്റ്റൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**2.** പ്രവേശനം ഹോസ്റ്റലിലെ ഒഴിവും സൗകര്യവും അനുസരിച്ചായിരിക്കും.

**3.** പ്രവേശന സമയത്ത് നിശ്ചിത ഫീസുകളും ഐഡൻറിറ്റി കാർഡിനെ കോപ്പി ജോലി ചെയ്യുന്നതോടൊപ്പം പഠനം നടത്തുന്നത് ആയ സ്ഥാപനത്തിൽനിന്ന് ഉത്തരവാദിത്തപ്പെട്ടവരുടെ കത്ത് ആവശ്യമാണ്. ഇതിൽ കൃത്യമായ ജോലി സമയങ്ങളും ചെയ്യുന്ന ജോലിയെക്കുറിച്ചും വ്യക്തമായ വിവരണം ഉണ്ടായിരിക്കണം.

**4.** താമസത്തിന് ആവശ്യമായ കിടക്ക, തലയണ, വിരിപ്പ്, ബക്കറ്റ്, മഗ്, ഗ്ലാസ് എന്നിവ സ്വന്തമായി കൊണ്ടുവരേണ്ടതാണ്.

## ഫീസ്

**1.** ഭക്ഷണം, താമസം, വൈദ്യുതി എന്നിവയിലേക്കുള്ള ഒരു കുട്ടിയുടെ പ്രതിമാസ ഫീസ് ............................... രൂപയായിരിക്കും.

**2.** അഡ്വാൻസായി ഒരു മാസത്തെ ഫീസും, പ്രവേശന ഫീസായി **750** രൂപയും മുൻകൂറായി തരണം.

**3.** ഓരോ മാസത്തെയും ഫീസ് അടുത്ത മാസം അഞ്ചാം തീയതിക്ക് മുമ്പായി അടയ്ക്കേണ്ടതാണ്.

**4.** വീട്ടുവരുത്തുന്നവർ ഒരു ദിവസത്തേക്ക് 50 രൂപ വീതം അടയ്ക്കേണ്ടി വരും. പതിനഞ്ചാം തീയതി വരെ മാത്രമേ ഈ സൗകര്യം അനുവദിക്കുകയുള്ളൂ.

**5.** പതിനഞ്ചാം തീയതിക്ക് മുമ്പ് പ്രവേശനം നേടുന്നവർ ആ മാസത്തെ മുഴുവൻ ഫീസും, ശേഷം പ്രവേശനം നേടുന്നവർ ............................... ഫീസും അടയ്ക്കേണ്ടതാണ്.

**6.** അഡ്വാൻസ് തുക മിനിമം മൂന്ന് ആഴ്ച്ചക്ക് ശേഷമേ തിരിച്ചു തരികയുള്ളൂ.

**7.** ലാപ്ടോപ്പ് തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നവർ ഹോസ്റ്റൽ മാനേജ്മെൻറ് നിശ്ചയിച്ച എനർജി ചാർജ് നൽകേണ്ടതാണ്.

**8.** ഹോസ്റ്റൽ ഒഴിയുന്നവർക്കും ഇത് ബാധകമാണ്.

## ഭക്ഷണം

1. താമസക്കാർക്ക് ഭക്ഷണ സൗകര്യം ഏർപ്പെടുത്തുന്നതാണ്. ഇതിൻറെ ചാർജ് മുകളിൽ നിശ്ചയിച്ച വ്യവസ്ഥയിൽ മാസംതോറും അടയ്ക്കേണ്ടതാണ്.
2. ഉത്തരവാദിത്തപ്പെട്ടവരുടെ അനുമതിയില്ലാതെ ഭക്ഷണപദാർത്ഥങ്ങൾ റൂമിൽ കൊണ്ടു വരാൻ പാടില്ല.

3. രോഗാവസ്ഥയിൽ ഉള്ളവർക്ക് അല്ലാതെ പ്രത്യേക ഭക്ഷണങ്ങൾ ഹോസ്റ്റലിൽ വച്ച് പാകം ചെയ്യാൻ അനുവദിക്കുന്നതല്ല.

## പെരുമാറ്റച്ചട്ടങ്ങൾ

1. ജോലി ചെയ്യുന്ന സ്ഥലത്തേക്ക്, പഠനം നടത്തുന്ന സ്ഥാപനത്തിലേക്ക് അല്ലാതെ വാർഡ് അനുവാദം കൂടാതെ പുറത്തു പോകാൻ പാടുള്ളതല്ല. വൈകിട്ട് 7 മണിക്ക് മുൻപായി ഹോസ്റ്റലിൽ എത്തിച്ചേരണം. അല്ലാത്തവർക്ക് രക്ഷാകർത്താവ്, ജോലി ചെയ്യുന്നതോ, വിദ്യാഭ്യാസ സ്ഥാപനത്തിലെ അധികാരികൾ രേഖപ്പെടുത്തിയ സമയ പ്രകാരം മാത്രമായിരിക്കും പ്രവേശനം.
2. പുറത്തു പോകുന്നതും വരുന്നതും മൂവ്മെൻറ് രജിസ്റ്ററിൽ രേഖപെടുത്തേണ്ടതാണ്.
3. അത്യാവശ്യ കാര്യങ്ങൾക്ക് അസമയങ്ങളിൽ രക്ഷാ കർത്താവിൻറെ കൂടെയോ, വനിത ജീവനക്കാരോട് ഒന്നിച്ചോ അല്ലാതെ പുറത്തു പോകാൻ അനുവദിക്കില്ല.
4. സ്ഥാപനങ്ങളിലേക്ക് പോകുന്ന സമയവും മടങ്ങിവരുന്ന സമയവും ക്ലിപ്തം ആയിരിക്കേണ്ടതാണ്. നേരത്തെ പോകാനോ വൈകി വരാൻ ഇടയാക്കുന്ന പക്ഷം അതിനു മതിയായ കാരണം ബോധ്യപ്പെടുത്തേണ്ടതാണ്.
5. ഹോസ്റ്റലിൽ അച്ചടക്കം വളരെ പ്രധാനമാണ്.
6. ഹോസ്റ്റൽ ഉപകരണങ്ങൾ കേടു വരുത്തുന്നവരിൽ നിന്ന് അതിൻറെ വിലയോ നഷ്ട സംഖ്യ മനസ്സിലാക്കുന്നതാണ്.
7. റൂമുകളും, ഫർണിച്ചറുകളും, വസ്ത്രങ്ങളും, പഠനോപകരണങ്ങളും വൃത്തിയായും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്.
8. കാണാൻ വരുന്ന രക്ഷിതാക്കളും ബന്ധുക്കളും വാർഡന്റെ സമ്മതം വാങ്ങേണ്ടതാണ്. നിശ്ചിത സ്ഥലത്ത് മാത്രമേ അവരുമായി സംസാരിക്കാവൂ. വാർഡന്റെ കൂടെ മാത്രമേ സന്ദർശകർ റൂമിൽ കയറാവൂ.
9. അതിഥികളെ കൂടെ താമസിപ്പിക്കുന്നതിന് വാർഡന്റെ അനുവാദം വാങ്ങേണ്ടതാണ്. ആളൊന്നിന് ദിവസം .............................. രൂപ തോതിൽ അടയ്ക്കേണ്ടതാണ്.
10. ലഹരി വസ്തുക്കൾ, പുകയില, വെറ്റില, മുറുക്ക് എന്നിവ ഹോസ്റ്റലിൽ നിരോധിച്ചിരിക്കുന്നു. ഇത് ജോലിക്കാർക്കും ബാധകമാണ്.
11. അധാർമ്മിക ചർച്ചകൾ, പ്രവർത്തനങ്ങൾ, ഫോട്ടോകൾ, സിഡികൾ, പുസ്തകങ്ങൾ, കാസറ്റുകൾ, മെമ്മറി ചിപ്പുകൾ എന്നിവ ഹോസ്റ്റലിൽ പാടില്ല.
12. സാധാരണ നിലയ്ക്ക് ബെഡ്റൂമുകൾ രാത്രി 10:30 ന് ലൈറ്റ് ഓഫ് ചെയ്യേണ്ടതാണ്.
13. അധികൃതരുടെ അനുവാദമില്ലാതെ യാതൊരുവിധ ക്ലബ്ബുകൾ, അസോസിയേഷനുകൾ രൂപീകരിക്കാൻ പാടില്ല.
14. സെൽഫോൺ റൂമിനകത്ത് ഇരുന്ന് ഉപയോഗിക്കുക. സഹവാസികൾക്ക് പഠനത്തിനും ഉറക്കത്തിനും ശല്യമായി കൂടാ.
15. അച്ചടക്കലംഘനം, അനുസരണക്കേടോ ഉണ്ടായാൽ രക്ഷിതാവിനെ വരുത്തുന്നതും, യുക്തമായ നടപടി സ്വീകരിക്കുന്നതും ആകുന്നു.
16. ഹോസ്റ്റൽ നിവാസികളുടെ വാഹനം, ഇലക്ട്രിക്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഹോസ്റ്റലിൽ ഓഫീസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
17. ഇടയ്ക്കുവെച്ച് ഒഴിവാകുന്നവർ ആ വിവരം 15 ദിവസം മുമ്പ് ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്.
18. അനിവാര്യമായ കാരണങ്ങളാൽ ഹോസ്റ്റൽ അടച്ചിടാൻ മാനേജ്മെൻറ് തീരുമാനിക്കുന്ന പക്ഷം നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്ന മുതൽ താമസം ഒഴിവാക്കേണ്ടതാണ്.

19. വൈദ്യുതി, വെള്ളം ദുരുപയോഗം ഒഴിവാക്കുക. റൂമിൽ നിന്ന് അവസാനം ഇറങ്ങുമ്പോൾ ലൈറ്റും ഫാനും ഓഫ് ആക്കിയിരിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും, റൂമിൻറെ താക്കോൽ വാർഡനെ ഏൽപിക്കേണ്ടതുമാണ്.

20. സ്വർണാഭരണങ്ങൾ, പണം എന്നിവ അവരവർ സൂക്ഷിക്കുക. ഇതിൽ ഹോസ്റ്റൽ മാനേജ്മെൻറ് ഒരു ഉത്തരവാദിത്വവും ഇല്ല.

21. അസുഖങ്ങൾ വാർഡനെ അറിയിക്കുക. ന്യായമായ ചികിത്സയ്ക്ക് വേണ്ട ഏർപ്പാടുകൾ ചെയ്യും. ചിലവ് സംഖ്യ പിന്നീട് തിരിച്ചു നൽകണം.

22. പ്രശ്നങ്ങൾ എന്തുണ്ടായാലും വാർഡൻഡെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുക.

23. ഏഴ് മണിക്ക് ശേഷം സന്ദർശകരെ അനുവദിക്കുന്നതല്ല. അത്യാവശ്യഘട്ടത്തിൽ വാർഡൻഡെ സാന്നിധ്യത്തിൽ സന്ദർശനം ആകാം.

24. വാർഡൻഡെ അനുവാദമില്ലാതെ പുറത്തു പോകുന്നവരുടെ കാര്യത്തിൽ ഒരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

25. വീട്ടിൽ പോയി തിരിച്ചു വരുന്ന സമയം മുൻകൂട്ടി അറിയിക്കേണ്ടതാണ്. മാറ്റം വരികയാണെങ്കിൽ രക്ഷിതാക്കൾ വാർഡനെ അറിയിക്കേണ്ടതാണ്.

26. ഭക്ഷണങ്ങൾക്ക് നിശ്ചിതസമയം ഉണ്ടായിരിക്കുന്നതാണ്. ഇതിനിടയിൽ ഭക്ഷണം കഴിക്കാത്തവർക്ക് നൽകാൻ ബാധ്യതയില്ല. ഇതിൽ മാറ്റം വരുമ്പോൾ വാർഡനെ മുൻകൂട്ടി അറിയിക്കണം.

27. കിച്ചണിൽ കയറുവാനോ ഭക്ഷണം പാകം ചെയ്യുവാനൊ പാടില്ല.

28. മുൻ നിശ്ചയിച്ച പ്രകാരം മാത്രമേ ഭക്ഷണം നൽകൂ. ഇതിൽ മാറ്റം വരുത്തുവാൻ ഹോസ്റ്റൽ കമ്മിറ്റിക്ക് അധികാരമുണ്ട്.

29. ഹോസ്റ്റൽ നടത്തിപ്പിലെ ഭക്ഷണത്തിനോ പരാതിയുണ്ടെങ്കിൽ, മാനേജ്മെൻറ് രേഖാമൂലം അറിയിക്കാം.

## വാടക കരാർ

1. അറിയിപ്പ് കാലയളവ്: ഹോസ്റ്റൽ ഒഴിയുന്നതിന് മുമ്പ് വാടകക്കാരൻ **രണ്ടാഴ്ചത്തെ** അറിയിപ്പ് കാലയളവ് നൽകുന്നു.

2. അവസാനിപ്പിക്കുന്നതിനുള്ള കാരണം: ബിരുദം, സ്ഥലംമാറ്റം, അല്ലെങ്കിൽ വ്യക്തിപരമായ കാരണങ്ങൾ എന്നിവ പോലെ, താമസം അവസാനിപ്പിക്കുന്നതിനുള്ള സാധുവായ കാരണം നൽകാൻ ഹോസ്റ്റൽ താമസക്കാരനോട് ആവശ്യപ്പെട്ടേക്കാം.

**3.** ടെർമിനേഷൻ ഫീസ്: സമ്മതിച്ച കാലാവധി അവസാനിക്കുന്നതിന് മുമ്പ് താമസക്കാരൻ അവരുടെ താമസം അവസാനിപ്പിക്കുകയാണെങ്കിൽ ഹോസ്റ്റൽ ഒരു ടെർമിനേഷൻ ഫീസ് ഈടാക്കാം

i. മാസാടിസ്ഥാനത്തിലുള്ള വാടകക്കാർക്ക്, **15** ദിവസത്തിൽ കൂടുതലുള്ള ഏതൊരു താമസവും ഒരു മാസത്തേക്കുള്ള സ്റ്റേ ആയി കണക്കാക്കുകയും റീഫണ്ട് നൽകില്ലെന്നും ശ്രദ്ധിക്കുക.

**4.** വിപുലീകരിച്ച ആബ്സെൻസ്: തുടർച്ചയായി **4** ദിവസത്തിൽ കൂടുതൽ താമസിക്കാത്ത ഏതൊരു വാടകക്കാരനെയും അവരുടെ താമസം അവസാനിപ്പിക്കാമെന്നും അവരുടെ മുറി മറ്റൊരു വ്യക്തിക്ക് അനുവദിച്ച് കൊടുക്കാമെന്നും അറിയിക്കുന്നു.

a. ഒരു തൊഴിലുടമയിൽ നിന്നോ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ രക്ഷിതാവിൽ നിന്നോ സാധുവായ ഒരു കാരണം വ്യക്തമാക്കുന്ന കത്ത് നൽകിയാൽ ഇത് ഒഴിവാക്കാവുന്നതാണ്.

b. ഹോസ്റ്റൽ പരിസരത്ത് അവശേഷിക്കുന്ന ഇനങ്ങൾക്ക് ഹോസ്റ്റൽ അധിക ഫീസ് ഈടാക്കാം. ഈ ഫീസ് മാട്രോണിന്റെ വിവേചനാധികാരത്തിലായിരിക്കും.

**5.** നോൺ-അഭ്യർത്ഥന നയം: നിലവിലെ വാടകക്കാരുടെ താമസത്തെയും ക്ഷേമത്തെയും ബാധിക്കുന്ന മറ്റ് പ്രവർത്തന മേഖലകൾക്കായി അഭ്യർത്ഥിക്കാൻ വാടകക്കാരെ അനുവദിക്കില്ല. ഏതെങ്കിലും വാടകക്കാരൻ ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടുന്നതായി അഡ്മിനിസ്ട്രേഷൻ കണ്ടെത്തുകയാണെങ്കിൽ, മാട്രോൺ **3** ദിവസത്തിനകം ഒഴിയാനുള്ള അറിയിപ്പ് നൽകും.

**6.** സന്ദർശക ഇടപഴകൽ: ഹോസ്റ്റലിനെക്കുറിച്ച് അപകീർത്തികരമെന്ന് കരുതുന്ന സംഭാഷണങ്ങളിൽ ഏർപ്പെടാൻ ഒരു വാടകക്കാരനെയും അനുവദിക്കില്ല. ഈ രീതി കരാർ ലംഘനമായി കണക്കാക്കും. നിയമലംഘനം നടത്തുന്ന വാടകക്കാരുടെ കരാർ അവസാനിപ്പിക്കും.

**7.** കരാർ അവസാനിപ്പിക്കൽ: ഒരു വാടകക്കാരൻ ഏതെങ്കിലും കരാർ ഉടമ്പടി ലംഘിക്കുന്നതായി കണ്ടെത്തിയാൽ, **3** ദിവസത്തെ അറിയിപ്പ് നൽകി സ്റ്റേ അവസാനിപ്പിക്കാൻ മാനേജ്മെന്റിന് അവകാശമുണ്ട്.

ഏതെങ്കിലും പെനാൽറ്റിയോ ഫീസോ ഒഴിവാക്കാൻ വാടകക്കാർ ഹോസ്റ്റൽ കരാറിൽ പറഞ്ഞിരിക്കുന്ന അവസാനിപ്പിക്കൽ നിയമങ്ങൾ ശ്രദ്ധാപൂർവ്വം അവലോകനം ചെയ്യുകയും അവ പാലിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്.

---

**നിയമങ്ങളും നിർദ്ദേശങ്ങളും മാറ്റം വരുത്തുവാനും ഭേദഗതി ചെയ്യാതെ കൂട്ടിച്ചേർക്കാനും ഹോസ്റ്റൽ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.**

**മേലെഴുതിയ നിർദ്ദേശങ്ങൾ ഞാൻ വായിക്കുകയും സ്വമനസ്സാലെ അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ ബോധ്യപ്പെടുത്തുന്നു.**

---

ഹോസ്റ്റലിൽ പ്രവേശനം നേടുന്ന ആളുടെ പേരും ഒപ്പും: ......................................................

രക്ഷിതാവിൻറെ പേരും ഒപ്പും: ......................................................

വീട്ടിലെ ഫോൺ നമ്പർ: ...................................................... ഹോസ്റ്റൽ പാസ് നമ്പർ: ..................................

SAROVARAM Women's PG Accommodation
Mini Bypass Road Behind Passport Office Kozhikode - 673006, Ph: 0495 356 1257, +91 9447587098, email: contact@sarovarampg.com